കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7, 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6, 3.12 പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകിയും 2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്കുള്ള സാധൂകരണാപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3533/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

---

പരാമർശം : 1. കോഡൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.12.2014 – തിയതിയിലെ എ 1-197/1981 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14419/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.09.2015 – തിയതിയിലെ എൽ.എഫ്.8312/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം സഹകരണ സംഘങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും 75000 രൂപാ (എഴുപത്തിയയ്യായിരം മാത്രം) അനുവദിച്ചത് 23.11.1998 – ലെ 49905/പി.3/98/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ആയത് നിരാകരിച്ചിരുന്നു. കോഡൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘത്തിന് വേണ്ടത്ര പണമില്ലാതിരുന്നതിനാൽ പ്രവർത്തന മേഖലയിലേക്ക് കടന്നു വരാൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് മേൽ തുക സഹകരണ സംഘത്തിന് ധനസഹായമായി നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

.......2

സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച തുകയായതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകൾക്ക് ലൈബ്രറിക്കായി തനത് ഫണ്ടിൽ നിന്നും 30000 രൂപാ (മുപ്പതിനായിരം രൂപാ മാത്രം ) ചെലവ് ചെയ്ത നടപടി തടസ്സപ്പെടുത്തിയിരുന്നു. പഞ്ചായത്തിൽ സർക്കാർ സ്കൂളുകൾ കുറവായതിനാൽ പഞ്ചായത്തിലെ കൂടുതൽ കുട്ടികളും എയ്ഡഡ് സ്കൂളുകളിലാണ് പഠിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലും സാധൂകരണം നല്കുന്നതിന് ആ വകുപ്പിന് എതിരഭിപ്രായമില്ല എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ, ബാന്റ് സെറ്റ് എന്നിവ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 1,25,010 രൂപായും (ഒരു ലക്ഷത്തി ഇരുപത്തിയയ്യായിരത്ത് പത്ത് രൂപാ മാത്രം ) വികസന ഫണ്ടിൽ നിന്നും 10,000 രൂപയും (പതിനായിരം മാത്രം) ചെലവ് ചെയ്ത നടപടി തടസ്സപ്പെടുത്തിയിരുന്നു. മുൻ ഖണ്ഡികയിൽ വിവരിച്ച കാരണങ്ങളാൽ തന്നെ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലും സാധൂകരണം നല്കുന്നതിന് ആ വകുപ്പിന് എതിരഭിപ്രായമില്ല എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

24.07.2007 - ലെ സ.ഉ.(എം.എസ്.)187/2007/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഓരോ വീട് അറ്റകുറ്റപ്പണിക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയും വാല്യേഷൻ നടത്തണമെന്നുമിരിക്കെ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി പട്ടികജാതി വീട് റിപ്പയർ എന്ന പദ്ധതി പ്രകാരം 1,70,000 രൂപാ ( ഒരു ലക്ഷത്തി എഴുപതിനായിരം മാത്രം) ചെലവഴിച്ച നടപടി 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എൻജിനീയറുടെ വാല്യേഷൻ, കുടുംബശ്രീ എ.ഡി.എസിന്റെ മോണിറ്ററിംഗ് എന്നിവ ലഭിച്ചിരുന്നുവെന്നും പഞ്ചായത്തിൽ ആവശ്യത്തിന് എൻജിനീയറിംഗ് സ്റ്റാഫ് ഇല്ലാതിരുന്ന അവസരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നത് വരെ വീട് റിപ്പയർ ദീർഘിപ്പിക്കുന്നത് അനുചിതമായിരിക്കുമെന്ന് ബോധ്യപ്പെട്ടതിനാലാണ് പദ്ധതി

.........3

നിർവഹണം നടത്തിയതെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്ക വിരുദ്ധമായി ചെലവഴിച്ച തുകയായതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം, ചീഫ് എൻജിനീയറുടെ( റോഡ്സ് ആന്റ് ബ്രിഡ്ജസ്) 30.06.1985 – ലെ സി6-6113/84 നമ്പർ സർക്കുലറിലെ നിർദേശങ്ങൾക്ക വിരുദ്ധമായി ക്വാറി മക്ക് വില നൽകി വാങ്ങി റോഡ് , വേയിൽ ഫില്ലിംഗ് നടത്തിയ ഇനത്തിൽ ചെലവായ 47,218 രൂപ( നാൽപ്പത്തിയേഴായിരത്തി ഇരുനൂറ്റി പതിനെട്ട് മാത്രം മാത്രം) തടസ്സപ്പെടുത്തിയിരുന്നു. പരാമർശിത റോഡ് കടലുണ്ടിപ്പുഴയുടെ തീരത്തായതിനാൽ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയാൽ കൂടുതൽ ചളുപ്പ് രൂപപ്പെടുമെന്നും മതിയായ തലത്തിൽ ഉപരിതലം ബലപ്പെടുത്താതെ ടാറിടുന്ന പക്ഷം മഴക്കാലത്ത് മണ്ണ് താഴ്ന്ന് ടാറിംഗ് ഉപരിതലം തകരാൻ ഇടയാകുമെന്നതിനാലാണ് ക്വാറി മക്ക് വില നൽകി വാങ്ങിയതെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്ക വിരുദ്ധമായി ചെലവഴിച്ച തുകയായതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഐ.ആർ.സി.സ്പെസിഫിക്കേഷനു വിരുദ്ധമായി ഡ്രൈപ്പാക്കിംഗ് നടത്തി അതിനു മുകളിൽ കോൺക്രീറ്റിംഗ് നടത്തി റോഡ് നിർമ്മിച്ച ഇനത്തിലുള്ള 7,83,428 രൂപ( ഏഴു ലക്ഷത്തി എൺപത്തിമൂവായിരത്തി നാനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. പരാമർശിത റോഡിൽ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയാൽ കൂടുതൽ ചളുപ്പ് രൂപപ്പെടുമെന്നും മതിയായ തലത്തിൽ ഉപരിതലം ബലപ്പെടുത്താതെ ടാറിടുന്ന പക്ഷം മഴക്കാലത്ത് മണ്ണ് താഴ്ന്ന് ടാറിംഗ് ഉപരിതലം തകരാൻ ഇടയാകുമെന്നതിനാലാണ് ഇത്തരത്തിൽ ടാറിംഗ് നടത്തിയതെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്ക വിരുദ്ധമായി ചെലവഴിച്ച തുകയായതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

24.07.2007 – ലെ സ.ഉ.(എം.എസ്.)187/2007/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക വിരുദ്ധമായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതിക്കായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനായി സബ്സീഡിയായി ചെലവഴിച്ച 2,12,406 രൂപ( രണ്ടു ലക്ഷത്തി പന്ത്രണ്ടായിരത്തി

........4

നാന്നൂറ്റിയാറ് രൂപാ മാത്രം) 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് അനുസരിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയായതിനാലാണ് പഞ്ചായത്ത് ഈ പദ്ധതി ഏറ്റെടുത്തതെന്നും പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളെല്ലാവരും അർഹപ്പെട്ടവർ തന്നെയായതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച തുകയായതിനാൽ ഇക്കാര്യത്തിലും സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഡൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ കത്തുകളിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7, 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6, 3.12 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകിയും 2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്കുള്ള സാധൂകരണാപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി,വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, കോഡൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ